Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

11th May 2016

## കൂറുമാറ്റം: മുൻ ബ്ലോക്ക് പഞ്ചായത്തംഗത്തിന് അയോഗ്യത

തൃശ്ശൂർ മതിലകം ബ്ലോക്ക് പഞ്ചായത്തിലെ ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ ആയിരിക്കെ കൂറുമാറിയ സുജ ശ്രീകുമാറിനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യയാക്കി ഉത്തരവായി. 2010-ലെ തദ്ദേശ ഭരണ തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (സി.പി.ഐ) സ്ഥാനാർത്ഥിയായി മത്സരിച്ച് വിജയിച്ച സുജ ശ്രീകുമാർ കഴിഞ്ഞ ഭരണ സമിതിയുടെ കാലത്ത് സി.പി.ഐ വിട്ട് ഭാരതീയ ജനതാ പാർട്ടിയിൽ (ബി.ജെ.പി) ചേർന്നിരുന്നു. ഇതിനെ തുടർന്ന് സി.പി.ഐ തൃശ്ശൂർ ജില്ലാ കൗൺസിൽ സെക്രട്ടറി കെ.കെ.വത്സരാജ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനു സമർപ്പിച്ച ഹർജിയിലാണ് വിധി.

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ കൂറുമാറ്റം തടയുന്നതിനുള്ള നിയമത്തിലെ മൂന്നാം വകുപ്പു പ്രകാരമാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇവർക്ക് ആറു വർഷത്തേക്ക് വിലക്കും കൽപ്പിച്ചിട്ടുണ്ട്.

*(എസ്.ഇ.സി. 20/2016)*